# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 166 — 08.06.2015-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2014-15 ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കമോ ; | (എ) | 2014-15 സാമ്പത്തിക വർഷം ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപയും പഞ്ഞമാസ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി ബജറ്റിൽ 20 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി 1 കോടി 18 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. |
| (ബി) | പ്രസ്തുത ബഡ്ജറ്റിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ; | (ബി) | 2014-15 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ക്രമത്തിൽ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |

| ക്രമ നം. | ജില്ല | സൗജന്യ റേഷൻ | സമ്പാദ്യ സമാശ്വാസം |
|---|---|---|---|
| 1 | തിരുവനന്തപുരം | --------- | 36530100 |
| 2 | കൊല്ലം | 100000 | 33579600 |
| 3 | ആലപ്പുഴ | 300000 | 48132900 |
| 4 | എറണാകുളം | 300000 | 26261400 |
| 5 | തൃശ്ശൂർ | 7000 | 7348200 |
| 6 | മലപ്പുറം | 25000 | 16900500 |
| 7 | കോഴിക്കോട് | 100000 | 24237500 |
| 8 | കണ്ണൂർ | 20000 | 5141250 |
| 9 | കാസർഗോഡ് | 10000 | 9520350 |
| ആകെ | | 862000 | 207651800 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സഹായത്തിനായി ഓരോ മത്സ്യഗ്രാമത്തിൽ നിന്നും എത്ര വീതം അപേക്ഷകർ ഉണ്ടായിരുന്നു; ഇതിൽ എത്രപേർ സഹായത്തിനർഹത നേടി; എത്ര പേർക്ക് ധനസഹായം ലഭ്യമായി; വ്യക്തമാക്കാമോ? | (സി) | 2014-15 സാമ്പത്തിക വർഷം സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനും സമ്പാദ്യ സമാശ്വാസ പദ്ധതിയിനത്തിൽ തുക വിതരണം ചെയ്യുന്നതിനുമായുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ